## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -2859 06.11.2019-ലെ മറുപടി**

## മാനന്തവാടി ശുദ്ധജലവിതരണ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഒ. ആർ. കേളു | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| എ) | മാനന്തവാടി ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നും പുതുതായി എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) | മാനന്തവാടി ശുദ്ധജലവിതരണ പദ്ധതിയിൽ പുതിയതായി 23 കണക്ഷനുകൾ നല്കിയിട്ടുണ്ട്. |
| ബി) | മാനന്തവാടി, എടവക, നല്ലൂർനാട് വില്ലേജുകളിലേയ്ക്ക് ഈ പദ്ധതിയിൽ നിന്നും കൂടുതൽ വെള്ളം എത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | ബി) | മാനന്തവാടി ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നും മാനന്തവാടി, എടവക, നല്ലൂർനാട് വില്ലേജുകളിലേയ്ക്ക് കൂടുതൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് വേണ്ടി മാനന്തവാടി ചൂട്ടക്കടവിൽ നിർമ്മിച്ച 10 mld ജലശുദ്ധീകരണ ശാലയിൽ നിന്നും മാനന്തവാടിയിലേക്ക് നബാർഡ് ധനസഹായത്തോട്ടുകൂടി 23 കി.മീ വിതരണ ശൃംഖല സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കിഫ്ബി ധനസഹായത്തോടെ എടവക, നല്ലൂർനാട് എന്നീ വില്ലേജുകളിലേക്ക് 70 കി.മീറ്ററോളം നീളത്തിൽ വിതരണ ശൃംഖലകളും സ്ഥാപിച്ചിട്ടുണ്ട്. ഈ പ്രവർത്തികളുടെ ട്രയൽ റണ്ണിംഗ്, ചാർജ്ജിംഗ് വർക്കുകൾ എന്നിവ നടത്തിവരികയാണ്. മാനന്തവാടി, എടവക, നല്ലൂർനാട് വില്ലേജുകൾക്കുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നും ബഹു. മാനന്തവാടി നിയോജകമണ്ഡലം എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് മാനന്തവാടി മുനിസിപ്പാലിറ്റിയിലെ കല്ലുമൊട്ടംകുന്ന് പ്രദേശങ്ങളിലേക്ക് വിതരണ ശൃംഖലകൾ ദീർഘിപ്പിച്ച് ജലവിതരണം സാധ്യമാക്കിയിട്ടുണ്ട്. |

Renuka Sankar
സെക്ഷൻ ഓഫീസർ